"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് - പാലക്കാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ സേവനമനുഷ്ഠിച്ച ശേഷം വിരമിച്ച ശ്രീമതി. കെ. പി. സുമക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.13/2026/CAD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 175/2016/ധന തീയതി 28/11/2016.
2. സ.ഉ. (അച്ചടി) നം. 113/2019/ധന തീയതി 24/08/2019.
3. സ.ഉ. (അച്ചടി) നം. 87/2019/ധന തീയതി 17/08/2023.
4. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 11/09/2025 ലെ KSCDRC/2/2023-G നം. കത്ത്.

**<u>ഉത്തരവ്</u>**

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അവരുടെ യോഗ്യസേവന കാലാവധി പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങളിൽ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ള അംഗങ്ങളെ സംബന്ധിച്ച് വ്യക്ത വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പാലക്കാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ 02/01/2014 ൽ മെമ്പറായി ജോലിയിൽ പ്രവേശിക്കുകയും അഞ്ച് വർഷത്തെ സേവനത്തിനു ശേഷം 01/01/2019 ന് വിരമിക്കുകയും ചെയ്ത ശ്രീമതി കെ.പി. സുമക്ക് അഞ്ച് വർഷത്തെ സേവനത്തിന് നിലവിലെ ആനുകൂല്യമായ 10,000/- രൂപ (പതിനായിരം രൂപ) പ്രതിമാസ നിരക്കിൽ, ടിയാരിക്ക് 56 വയസ്സ് പൂർത്തിയായ തീയതിയുടെ അടുത്ത ദിവസമായ 03/06/2025 മുതൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ മെമ്പറായി 5 വർഷം

സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി കെ.പി. സുമക്ക് പരാമർശം (1). (2), (3) സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

| പേര് | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | സേവന കാലാവധി | ആനുകൂല്യത്തിന് അർഹമായ തീയതി | വിരമിക്കൽ ആനുകൂല്യം പ്രതിമാസം |
|---|---|---|---|---|
| ശ്രീമതി. കെ.പി.സുമ | പാലക്കാട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | 5 വർഷം | **03/06/2025** | **10,000/-** രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം.
3. ശ്രീമതി കെ. പി. സുമ (സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
6. ധനകാര്യ വകുപ്പ.
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
8. കരുതൽ ഫയൽ/കാര്യാലയ പകർപ്പ് (CA1/86/2025-CAD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ